I/81953/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/206/2023-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-02-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**പരിപത്രം**

വിഷയം:- വനിത ശിശുവികസന വകുപ്പ്- ജീവനക്കാര്യം-സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക് (വിവ) എന്ന പരിപാടിയുടെ ആദ്യ ഘട്ട പ്രചരണം - ഹീമോഗ്ലോബിൻ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നത് സംബന്ധിച്ച്:-

സൂചന:-

കേരളത്തിലെ വനിതകളുടെ ശാരീരിക ക്ഷമതയിൽ കാര്യമായി സ്വാധീനം ചെലുത്തുന്ന ഒരു പോഷകാഹാര പ്രശ്നമാണ് അനീമിയ. വിളർച്ച എന്ന പ്രശ്നം പരിശോധിച്ച്, ആയത് ഉണ്ടാകുന്നതിനുള്ള സാധ്യത കുറച്ച് പൂർണ്ണമായും ഇത്തരം സാഹചര്യം ഇല്ലാതാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ശരീരകോശങ്ങളിലേക്ക് ഓക്സിജൻ എത്തിക്കാൻ ആവശ്യമായ ചുവന്ന രക്താണുക്കളുടെ അഭാവം / കുറവാണ് വിളർച്ച അഥവാ അനീമിയ എന്ന അവസ്ഥയ്ക്ക് കാരണമാകുന്നത്. ഭക്ഷണത്തിലെ ഇരുമ്പിന്റെ അംശം കുറയുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കേണ്ടതുണ്ട്. സംസ്ഥാനത്തെ 15 വയസ്സ് മുതൽ 59 വയസ്സ് വരെയുള്ള സ്ത്രീകളിലെ വിളർച്ച ഘട്ടം ഘട്ടമായി ഇല്ലാതാക്കുന്നതിന് ആരോഗ്യവകുപ്പിന്റെയും വനിത ശിശു വികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ പരിശോധനകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി വിവര പ്രക്ഷേപണ, വിനിമയ പ്രചാരണവും (ഐ.ഇ.സി) ബിഹേവിയറൽ ചേഞ്ച് കമ്മ്യൂണിക്കേഷൻ പ്രോഗ്രാമുകളും (ബി.സി.സി) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക് (വിവ) എന്ന ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 18.02.2023 തീയതിയിൽ ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് ആദ്യ ഘട്ട പ്രചരണം എന്ന നിലയ്ക്ക് വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി സ്റ്റാഫ് വെൽഫയർ കമ്മിറ്റിയുടെ സഹകരണത്തോടെ ഒരു ക്യാമ്പ് 20.02.2023 തീയതിയിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പിൽ ഈ കാര്യാലയത്തിലെ മുഴുവൻ ജീവനക്കാരും പങ്കെടുത്ത് ഹീമോഗ്ലോബിൻ നിർണ്ണയം നടത്തുന്നതിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജീവനക്കാർക്കും.

പകർപ്പ് -

I/81953/2023

1. സെക്രട്ടറി, സ്റ്റാഫ് വെൽഫയർ കമ്മിറ്റി (ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണം നടത്തുന്നതിന്)

2. *പ്രോഗ്രാം മാനേജർ ഐസിപിഎസ്*

3. പ്രോജക്റ്റ് കോ ഓർഡിനേറ്റർ, നിർഭയ

Signed by Priyanka G
Date: 17-02-2023 15:02:36